**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.08.2025**

## പ്രധാനവാർത്തകൾ

**1. ബിഹാർ വോട്ടർപ്പട്ടിക പരിഷ്ക്കരണത്തെച്ചൊല്ലി പാർലമെന്റിന്റെ ഇരുസഭകളും ഇന്നും തടസ്സപ്പെട്ടു; രണ്ട് മണിയ്ക്ക് വീണ്ടും ചേരും.**

**2. ഓപ്പറേഷൻ സിന്ദൂറിന്റെയും ഓപ്പറേഷൻ മഹാദേവിന്റെയും വിജയത്തിൽ പ്രധാനമന്ത്രിയെ അഭിനന്ദനമറിയിച്ച് എൻഡിഎ പാർലമെന്ററി പാർട്ടി യോഗം.**

**3. സ്കൂളുകളിലെയും ആശുപത്രികളിലെയും ബലക്ഷയമുള്ള കെട്ടിടങ്ങളുടെ വിവരം രണ്ടാഴ്ചയ്ക്കകം സമർപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ദുരന്ത നിവാരണ വകുപ്പിനോട് നിർദ്ദേശിച്ചു.**

**4. 64-ാമത് കേരള സ്കൂൾ കലോത്സവത്തിന് വേദിയാകാൻ തൃശൂർ; കലോത്സവം 2026 ജനുവരിയിൽ നടക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി.**

**5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള തീയതി നീട്ടണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.**

RNU TVPM

## 6. കനത്ത മഴ തുടരുന്ന എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത ; കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്

********************************

### പാർലമെൻറ്

പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം . ഇതേതുടർന്ന് ഇരു സഭകളും ഉച്ചക്ക് രണ്ട് മണിവരെ നിർത്തിവെച്ചു. രാവിലെ ഇരു സഭകളും ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ അംഗങ്ങൾ ബീഹാറിലെ പ്രത്യേക വോട്ടർ പട്ടിക പരിഷ്കരണം അടക്കമുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിഷേധിക്കുകയായിരുന്നു ലോക്സഭയിൽ കോൺഗ്രസ്, ഡിഎംകെ, ടിഎംസി, തുടങ്ങിയ പ്രതിപക്ഷ പാർട്ടികൾ മുദ്രാവാക്യം വിളിയുമായി നടുത്തളത്തിലിറങ്ങി. രാജ്യസഭയിലും സമാനമായ സാഹചര്യമായിരുന്നു. തുടർന്നാണ് ഇരു സഭകളും രണ്ടു മണിവരെ നിർത്തിവെച്ചത്.

RNU TVPM

********************************

### എൻഡിഎ യോഗം

എൻഡിഎ പാർലമെന്ററി പാർട്ടി യോഗം ഇന്ന് ചേർന്നു. ന്യൂഡൽഹിയിലെ പാർലമെന്റ് സമുച്ചയത്തിലായിരുന്നു യോഗം. പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ, ബിജെപി അധ്യക്ഷൻ ജെ പി നദ്ദ, തുടങ്ങിയവരും എൻഡിഎ എംപിമാരും പങ്കെടുത്തു. ഓപ്പറേഷൻ സിന്ദൂറിന്റെയും ഓപ്പറേഷൻ മഹാദേവിന്റെയും വിജയത്തിൽ എംപിമാർ പ്രധാനമന്ത്രി മോദിയെ അഭിനന്ദിച്ചു.

********************************

## മുഖ്യമന്ത്രി

സ്കൂളുകളിലും ആശുപത്രികളിലും ഉൾപ്പെടെ ബലഹീനമായതും പൊളിച്ചുമാറ്റേണ്ടതുമായ കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിവരം രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് ദുരന്ത നിവാരണ വകുപ്പിന് നിർദ്ദേശം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ. ഇതുമായി ബന്ധപ്പെട്ട് ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അവധി ദിവസങ്ങൾക്ക് മുൻഗണന നൽകി വേണം സ്കൂൾ കെട്ടിടങ്ങൾ പൊളിക്കേണ്ടതെന്നും അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷാ പരിശോധന ഇതോടൊപ്പം നടത്തണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

*********************************

## മഴ - സംസ്ഥാനം

എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് അതിതീവ്രമായ മഴയ്ക്കു സാധ്യത. ഈ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെല്ലാം മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

*********************************

## തൃശൂർ മഴ.. (ഇൻട്രോ)

ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച തൃശൂരിലും കനത്ത മഴ തുടരുകയാണ്. തൃശ്ശൂർ നഗരത്തിലെ ശങ്കരയ്യ റോഡിന് സമീപമുള്ള വീടുകളിൽ വെള്ളംകയറി.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.....**

(വോയ്സ്)

**************************************

<u>കൊച്ചി-വെള്ളക്കെട്ട്</u>

കൊച്ചിയിൽ വിവിധ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. പുലർച്ചെ രണ്ടുമണിയോടെ ആരംഭിച്ച മഴ ഏഴുമണിയോടെയാണ് തോർന്നത്. കലൂർ, ഇടപ്പള്ളി, പാലാരിവട്ടം മേഖലകളിൽ ഇതോടെ വെള്ളക്കെട്ട് രൂപപ്പെട്ടു. ചെറിയ ഇടവഴികളിലടക്കം വെള്ളം കയറി.

**************************************

<u>മഴ-ഇടുക്കി (ഇൻട്രോ)</u>

റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന ഇടുക്കി ജില്ലയിൽ രാവിലെ മുതൽ പരക്കെ മഴ. ഹൈറേഞ്ചിനെ അപേക്ഷിച്ച് ലോ റേഞ്ചിലാണ് ശക്തമായ മഴ രേഖപ്പെടുത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

**************************************

<u>പത്തനംതിട്ട - ഡാം</u>

പത്തനംതിട്ട ജില്ലയിലെ കക്കി-ആനത്തോട് ഡാമിൻ്റെ ഷട്ടറുകൾ ഉയർത്തുന്നത് മാറ്റി. വൃഷ്ടിപ്രദേശത്ത് മഴ കുറവുള്ളതിനാലാണ് ഡാം തുറക്കുന്ന സാഹചര്യം നിലവിൽ ഒഴിവാക്കിയത്.

RNU TVPM

**********************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

**********************************

പിൻബെഞ്ചുകാർ- ശിവൻകുട്ടി

സംസ്ഥാനത്തെ സ്കൂൾ ക്ലാസ് മുറികളിൽനിന്ന് 'പിൻബെഞ്ചുകാർ' എന്ന സങ്കൽപം ഒഴിവാക്കാൻ ആഗ്രഹിക്കുന്നതായി മന്ത്രി വി ശിവൻകുട്ടി. ഒരു വിദ്യാർഥിയുടെ ആത്മവിശ്വാസത്തെയും പഠനത്തെയും ഈ സങ്കൽപം പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട് എന്നും എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഇത് കണക്കിലെടുത്ത് സംസ്ഥാനത്തെ വിദ്യാഭ്യാസരീതിക്ക് അനുയോജ്യമായ ഏറ്റവും മികച്ച മാതൃക കണ്ടെത്താൻ വിദഗ്ധരുടെ ഒരു സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു.

RNU TVPM

**********************************

കേരള സ്കൂൾ കലോത്സവം (ഇൻട്രോ)

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 07 മുതൽ 11 വരെ തൃശ്ശൂർ ജില്ലയിൽ വച്ച് നടത്താൻ തീരുമാനിച്ചതായി വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി അംഗീകൃത അധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇരുപത്തഞ്ചോളം വേദികളിലായിട്ടാണ് കലോത്സവം നടക്കുക.

സംസ്കൃതോത്സവവും, അറബിക് സാഹിത്യോത്സവവും ഇതോടനുബന്ധിച്ച് നടക്കും. സംസ്ഥാന കലോത്സവത്തിനു മുന്നോടിയായി സ്കൂൾതല മത്സരങ്ങൾ സെപ്റ്റംബർ മാസത്തിലും, സബ്ജില്ലാതല മത്സരങ്ങൾ ഒക്ടോബർ രണ്ടാംവാരത്തിനുള്ളിലും ജില്ലാതല മത്സരങ്ങൾ നവംബർ ആദ്യവാരവും പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ്)

2025 - 26 അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കായിക മത്സരങ്ങൾ 2025 ഒക്ടോബർ 22 മുതൽ 27 വരെ തിരുവനന്തപുരത്ത് ഒളിമ്പിക് മാതൃകയിൽ നടക്കുമെന്നും ശ്രീ വി ശിവൻകുട്ടി പറഞ്ഞു.

**********************************

RNUTVPM

## പ്രതിപക്ഷ നേതാവ് വി ഡി സതീശൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള തീയതി നീട്ടണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന് കത്ത് നൽകി. ജൂലൈ 23-ന് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഓഗസ്റ്റ് 7 വരെ, അതായത് 15 ദിവസം മാത്രമാണ് പേര് ചേർക്കാൻ സമയം അനുവദിച്ചിരിക്കുന്നത്. തീയതി 15 ദിവസം കൂടി നീട്ടി നൽകണമെന്നാണ് പ്രതിപക്ഷ നേതാവ് ആവശ്യമുന്നയിച്ചിരിക്കുന്നത്.

**********************************

## ഷാനവാസ് അന്തരിച്ചു

പ്രശസ്ത ചലച്ചിത്രതാരം ഷാനവാസിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. അനുഗൃഹീതനടൻ

പ്രേംനസീറിന്റെ മകനും അനേകം ചലച്ചിത്രങ്ങളിൽ നായക കഥാപാത്രങ്ങൾ അവതരിപ്പിച്ച് ജനപ്രീതി നേടിയ കലാകാരനുമായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. മന്ത്രി വി.ശിവൻകുട്ടി, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മലയാളം, തമിഴ് ഭാഷകളിലായി 96 സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ഇന്നലെ രാത്രി ഏഴുമണിയോടെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

***********************************

## ജി.ആർ അനിൽ

ഭക്ഷ്യപൊതുവിതരണ രംഗം ഏറെ പ്രതിസന്ധികൾക്കിടയിലും അഭിമാനകരമായാണ് മുന്നോട്ടുപോവുന്നതെന്ന് മന്ത്രി ജി.ആർ അനിൽ. സമീപകാല ചരിത്രത്തിൽ 85 ശതമാനം ഉപഭോക്താക്കളാണ് റേഷൻ വിതരണം കൈപ്പറ്റിയതെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കും. റേഷൻ വ്യാപാരികൾക്കാവശ്യമായ ആനുകൂല്യങ്ങൾ നല്കുന്നതിൽ സംസ്ഥാന സർക്കാരിന് മടിയില്ലെന്നും പൊതു വിതരണ രംഗം മെച്ചപ്പെടുത്താൻ ഒരുമിച്ച് നിൽക്കേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

***********************************

## പുലിയാണെന്ന് സ്ഥിരീകരിച്ചു

പത്തനംതിട്ട കോന്നി കലഞ്ഞൂർ പൂമരുതിക്കുഴിയിൽ പൊന്മേലിൽ രേഷ്മയുടെ വീട്ടിലേക്ക് വളർത്തുനായയുടെ പിന്നാലെ ഓടിക്കയറിയത് പുലിയാണെന്ന് സ്ഥിരീകരിച്ചു. പരിശോധന നടത്തിയ വനം വകുപ്പ് ഉദ്യോഗസ്ഥർ പുലിയുടെ കാൽപ്പാടുകൾ തിരിച്ചറിഞ്ഞതോടെയാണ് സാന്നിധ്യം സ്ഥിരീകരിച്ചത്. ഉടൻ കൂട്

സ്ഥാപിക്കുമെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

********************************

## സുവർണ ജൂബിലി-മുഖ്യമന്ത്രി

പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനമായ ഈ മാസം 9-ന് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കനകക്കുന്നിലെ നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ഒ ആർ കേളു ആധ്യക്ഷ്യം വഹിക്കും.

********************************

## ക്രിക്കറ്റ്

ഇംഗ്ലണ്ടിനെതിരായ ഓവൽ ടെസ്റ്റിലെ ജയത്തോടെ ഇന്ത്യ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് പോയിൻറ് പട്ടികയിൽ മൂന്നാം സ്ഥാനത്തെത്തി. അഞ്ചുടെസ്റ്റുകളിൽ രണ്ടുജയവും രണ്ടുതോൽവിയും ഒരു സമനിലയുമുള്ള ഇന്ത്യക്ക് 46.67 പോയിൻറ് ശരാശരിയാണുള്ളത്. ഓവലിൽ ആറുറൺസിനായിരുന്നു ഇന്ത്യൻ ജയം. അഞ്ചുമത്സരങ്ങളുടെ പരമ്പര 2-2ന് ഇതോടെ തുല്യ നിലയിലായി. ആൻഡേഴ്സൻ-തെണ്ടുൽക്കർ ട്രോഫി ഇരുടീമുകളും പങ്കിട്ടു.

********************************

## ജോക്കോവിച്ച്

നൊവാക് ജോക്കോവിച്ച് സിൻസിനാറ്റി ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ നിന്ന് പിന്മാറി. ജൂലൈയിൽ വിംബിൾഡണിൽ സെമിഫൈനലിൽ പരാജയപ്പെട്ടതിന് ശേഷം ആദ്യമായി ഹാർഡ്

RNUTVPM

കോർട്ടിൽ കളിക്കാനിരിക്കെയായിരുന്നു പിന്മാറ്റം. യുഎസ് ഓപ്പണിൽ ജോക്കോവിച്ച് കളിക്കും.

***********************************

## നെഹ്‌റു ട്രോഫി

നെഹ്‌റു ട്രോഫി വള്ളംകളിക്ക് മുന്നോടിയായുള്ള പന്തലിന്റെ 'കാൽനാട്ടുകർമ്മം' പുന്നമട ഫിനിഷിംഗ് പോയിൻ്റിൽ നാളെ നടക്കും.നെഹ്‌റു ട്രോഫി ബോട്ട് റേസ് ചെയർമാനും ജില്ലാ കളക്ടറുമായ അലക്സ് വർഗീസ് രാവിലെ പത്ത് മണിക്ക് കാൽനാട്ടുകർമ്മത്തിനു നേതൃത്വം നൽകും. വള്ളങ്ങളുടെ രജിസ്ട്രേഷൻ ഓഗസ്റ്റ് 12 മുതൽ 21 വരെ നടക്കും.ആഗസ്റ്റ് 30 ന് പുന്നമട കായലിലാണ് വള്ളംകളി .

*****************************************************************

RNU TVPM